"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ്-ജീവനക്കാര്യം-കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറി ആയിരിക്കെ മരണമടഞ്ഞ അഷ്റഫ് എൻ.ബി യുടെ പേരിലുള്ള ഭവന നിർമ്മാണ വായ്പയിലെ കുടിശ്ശിക എഴുതിത്തള്ളി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1693/2025/LSGD തീയതി,തിരുവനന്തപുരം, 08-07-2025

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം. 91/2017/ധന തിയതി 17.07.2017.
2. സ.ഉ.(അച്ചടി) നം. 139/2018/ധന തിയതി 01.09.2018.
3. ശ്രീമതി റംലത്ത് കെ.പി. സമർപ്പിച്ച അപേക്ഷ
4. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.05.2023, 27.06.2024, 09.10.2024 എന്നീ തിയതികളിലെ LSGD/PD/7165/2023-DEG3 നം. കത്തുകൾ

<u>ഉത്തരവ്</u>

തദ്ദേശ സ്വയംഭരണ വകുപ്പിൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറി ആയിരിക്കെ 07.03.2021 ന് മരണമടഞ്ഞ അഷ്റഫ് എൻ.ബി യുടെ പേരിലുള്ള ഭവന നിർമ്മാണ വായ്പയിലെ കുടിശ്ശിക എഴുതിത്തള്ളുന്നതിന് ടിയാന്റെ ഭാര്യ ശ്രീമതി റംലത്ത് കെ.പി സമർപ്പിച്ച പരാമർശം 3 -ലെ അപേക്ഷ പരാമർശം 4 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2) അഷ്റഫ് എൻ.ബി. ക്ക് ഭവന നിർമ്മാണ വായ്പ ഇനത്തിൽ അനുവദിച്ചിരുന്ന 8,48,160/- രൂപയിൽ മുതൽ ഇനത്തിൽ 7,90,500/- രൂപ തിരിച്ചടവ് നടത്തിയിട്ടുള്ളതാണെന്നും അവശേഷിക്കുന്ന ബാദ്ധ്യത മുതൽ ഇനത്തിൽ 57,660/- രൂപയും പലിശ ഇനത്തിൽ 3,23,404/- രൂപയും ഉൾപ്പെടെ ആകെ 3,81,064/- രൂപ പരാമർശം 1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ എഴുതിത്തള്ളുന്നതിനാണ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരുന്നത്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഞ്ചേശ്വരം ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറി ആയിരിക്കെ 07.03.2021 തിയതിയിൽ മരണപ്പെട്ട അഷ്റഫ് എൻ.ബി. യുടെ പേരിലുള്ള ഭവന നിർമ്മാണ വായ്പയിലെ ആകെ കുടിശ്ശികയായ 3,81,064/- (മൂന്ന് ലക്ഷത്തി എൺപത്തിയൊന്നായിരത്തി അറുപത്തിനാല് രൂപ മാത്രം) രൂപയിൽ നിന്ന് പലിശയിനത്തിലെ ബാധ്യതയായ 3,23,404/- രൂപ (മൂന്ന് ലക്ഷത്തി ഇരുപത്തിമൂവായിരത്തി നാനൂറ്റി നാല് രൂപ മാത്രം) ഒഴിവാക്കുന്നതിനും, മുതൽ ഇനത്തിലെ ബാധ്യതയായ 57,660/ - രൂപ (അൻപത്തിയേഴായിരത്തി

അറുന്നൂറ്റി അറുപത് രൂപ മാത്രം) "2075-00-795-98-HBA write off(N/V)" എന്ന ശീർഷകത്തിൽ ചെലവും "7610-00-201-98-HBA-State Service Officers(N/V)" എന്ന ശീർഷകത്തിൽ വരവും കാണിച്ച് എഴുതിത്തള്ളുന്നതിന് പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീമതി റംലത്ത് കെ. പി., W/o അഷ്റഫ് എൻ.ബി. (Late), പഞ്ചായത്ത് സെക്രട്ടറി, മഞ്ചേശ്വരം ഗ്രാമ പഞ്ചായത്ത്, കാസർഗോഡ്
*(പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് മുഖേന)*
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം / തൃശ്ശൂർ
ധനകാര്യ വകുപ്പ് (02.05.2025 ലെ 2881395 /HBA-1 (DEV-1)/149/2024-FIN പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇപിബി1/114/2023-തസ്വഭവ നം ഫയൽ)

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 09-07-2025 12:23:22**

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. തദ്ദേശ സ്വയം ഭരണവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്